കന്നട ടി. ടി. സി. പരീക്ഷക്കിരുന്ന കുട്ടികൾ

1435. [2036] ശ്രീ. ടി. സി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് വിദ്യാഭ്യാസ ജില്ലയിലെ മായിപ്പാടി ട്രെയിനിംഗ് സ്കൂളിൽ നിന്നു കഴിഞ്ഞ വിദ്യാഭ്യാസ വർഷത്തിൽ കന്നട ടി. ടി. സി. പരീക്ഷയ്ക്ക് എത്ര കുട്ടികൾ എഴുതിയിരുന്നു;

(ബി) അതിന്റെ പരീക്ഷാഫലം പ്രസിദ്ധീകരിക്കുവാൻ കാലതാമസം എന്തുകൊണ്ടാണ് ;

(സി) എപ്പോൾ പരീക്ഷാഫലം പ്രസിദ്ധീകരിക്കുവാൻ കഴിയും?

ഉത്തരം

(എ) ടി. ടി. സി. ഒന്നാം വർഷപ്പരീക്ഷയ്ക്ക് മായിപ്പാടി ട്രെയിനിംഗ് സ്കൂളിൽ നിന്ന് 35 കുട്ടികളും രണ്ടാം വർഷം പരീക്ഷയ്ക്ക് 12 കുട്ടികളും കന്നട മീഡിയത്തിൽ പരീക്ഷ എഴുതിയിട്ടുണ്ട്.

(ബി) കന്നട ഭാഷയിലുള്ള ഉത്തരക്കടലാസ്സുകൾ പരിശോധിച്ച് മാർക്ക് ലിസ്റ്റ് കിട്ടാൻ വൈകിയതുകൊണ്ടാണ് അതിന്റെ പരീക്ഷാഫലം പ്രസിദ്ധീകരിക്കുവാൻ കാലതാമസമുണ്ടായത്.

(സി) 4-7-1985-ൽ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു കഴിഞ്ഞു.

പ്രൊട്ടക്ഷൻ സമ്പ്രദായം

1436. [2038] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

1985-86 വർഷം മുതൽ പ്രൊട്ടക്ഷൻ സമ്പ്രദായം നിറുത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

ഉണ്ട്.

ജില്ലാന്തര സ്ഥലം മാറ്റത്തിനുള്ള അർഹത

1437. [2039] ശ്രീ. ബന്നിബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു റവന്യൂ ജില്ലയിൽ നിന്നും മറ്റൊരു റവന്യൂ ജില്ലയിലേക്ക് സ്ഥലം മാറുന്നതിന് അർഹത നേടുവാൻ 5 വർഷം പ്രസ്തുത ജില്ലയിൽ സർവ്വീസ് പൂർത്തിയാക്കണമെന്ന് വിദ്യാഭ്യാസ വകുപ്പിൽ നിഷ്കർഷിക്കുന്നുണ്ടോ ;

(ബി) 5 വർഷം സർവ്വീസ് പൂർത്തിയാക്കണമെന്ന നിബന്ധന ജില്ലാടിസ്ഥാനത്തിൽ റിക്രൂട്ടുമെന്റ് നടത്തുന്ന മറ്റു വകുപ്പുകൾക്കെല്ലാം തിരുകൊച്ചി വിഭാഗത്തിൽ നിന്നും മലബാർ ഭാഗത്തേയ്ക്കും, മലബാർ ഭാഗത്തു നിന്നും തിരുകൊച്ചി വിഭാഗത്തേക്കുമുള്ള സ്ഥലം മാറ്റങ്ങൾക്കു മാത്രമേ ബാധകമാക്കേണ്ടതുള്ളൂ എന്ന് പൊതുഭരണ വകുപ്പിൽ നിന്നും ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് വിദ്യാഭ്യാസ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly